# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3490 12/12/2014 ൽ മറുപടിയ്ക്ക്

## റബ്ബറിന്റെ വിലയിടിവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജെയിംസ് മാത്യു | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) റബ്ബറിന്റെ വിലയിടിവ് തടയാൻ സർക്കാർ സ്വീകരിച്ച നടപടിയിൽ റബ്ബർ കർഷകർക്ക് എത്രത്തോളം പ്രയോജനം ഉണ്ടായി എന്നത് വിശദമാക്കാമോ; | (എ) സ്വാഭാവിക റബ്ബറിന്റെ വില വളരെ താഴ്ന്നു നിൽക്കുന്ന സാഹചര്യത്തിൽ കേരളത്തിലെ റബ്ബർ കർഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് 25/2/2014 തീയതിയിലെ സ.ഉ(എംഎസ്) നമ്പർ 56/2014/കൃഷി പ്രകാരം ഉത്തരവായിട്ടുണ്ട്. റബ്ബർ സംഭരണം ആരംഭിച്ചപ്പോൾ കോട്ടയം വിപണിയുടെ ദൈനംദിന വിപണിവിലയിൽ നിന്നും കിലോയ്ക്ക് 2 രൂപ കൂടുതൽ നൽകി ആർ എസ് എസ് 4 ഗ്രേഡിലുള്ള റബ്ബറാണ് സംഭരിച്ചിരുന്നത്. എന്നാൽ 13/10/2014 തീയതിയിലെ സ.ഉ(എംഎസ്) നമ്പർ 232/2014/കൃഷി പ്രകാരം ആർ എസ് എസ് 5 ഗ്രേഡിലുള്ള റബ്ബർ കർഷകരിൽ നിന്നും സംഭരിക്കുവാൻ ഉത്തരവാകുകയും തുടർന്ന് 6/11/2014 തീയതിയിലെ സ.ഉ(എംഎസ്) നമ്പർ 254/2014/കൃഷി പ്രകാരം റബ്ബർ കർഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് റബ്ബർബോർഡിന്റെ കോട്ടയം വിപണിയുടെ ദൈനംദിന വിപണിയിൽ നിന്നും കിലോയ്ക്ക് 5/- രൂപ കൂടുതൽ നൽകി ആർ എസ് എസ് 4, ആർ എസ് എസ് 5 ഗ്രേഡുകളിലുള്ള റബ്ബർ സംഭരിക്കുവാൻ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.<br>കൃഷി വകുപ്പിന്റെ 'വിലസ്ഥിരതയ്ക്ക് വേണ്ടി വിപണിയിൽ ഇടപെടൽ (പദ്ധതി) 2014-15' എന്ന ശീർഷകത്തിൽ നിന്നും 10 കോടി രൂപ അധിക ധന അനുമതിയിലൂടെ റബ്ബർ സംഭരണത്തിന് അടിയന്തിരമായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽ നിന്നും 5 കോടി രൂപ വീതം സംഭരണ ഏജൻസികളായ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷനും (റബ്ബർമാർക്ക്) കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ |

ലിമിറ്റഡിനും (മാർക്കറ്റ്ഫെഡ്) അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 27/11/2014 വരെ റബ്ബർമാർക്ക് 585.5 ടണ്ണും മാർക്കറ്റ്ഫെഡ് 390.8 ടണ്ണും ഉൾപ്പെടെ ആകെ 976.3 ടൺ റബ്ബർ സംഭരിച്ചിട്ടുണ്ട്.

വി) കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നും (ബി) റബ്ബർ കർഷകർക്ക് പ്രയോജനപ്രദമായ നിർദ്ദേശങ്ങൾ എന്തെങ്കിലും ലഭ്യമായോ എന്നത് വ്യക്തമാക്കാമോ?

റബ്ബർ സ്റ്റോക്കിന്റേയും കമ്മിയുടേയും കണക്കുകൾ ശരിയല്ലായെന്ന പരാതി കാരണം ഈ പ്രശ്നം പരിഹരിക്കുന്നതിന് നിർദ്ദേശം നൽകുവാൻ എക്സ്പെർട്ട് കമ്മിറ്റി ഓൺ റബ്ബർ പോളിസിയുടെ കീഴിൽ ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കും എന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

റബ്ബർ വ്യവസായത്തെ 'മെയ്ക്ക് ഇൻ ഇന്ത്യ' പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം പരിഗണിക്കുവാൻ കേന്ദ്ര വാണിജ്യ വകുപ്പ് കേന്ദ്ര വ്യവസായ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

റബ്ബർ ആക്ടിൽ ഭേദഗതി വരുത്തി സ്വാഭാവിക റബ്ബറിന്റേതു പോലെ സിന്തറ്റിക് റബ്ബറിനും കിലോയ്ക്ക് 2 രൂപ നിരക്കിൽ സെസ് ഏർപ്പെടുത്തുക എന്ന ആവശ്യം എക്സ്പെർട്ട് കമ്മിറ്റി ഓൺ റബ്ബർ പോളിസിയിൽ ചർച്ച ചെയ്യുന്നതാണ് എന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

സ്വാഭാവിക റബ്ബറിന്റെ ഉപയോഗം റോഡ് ടാറിംഗ് ഉൾപ്പെടെയുള്ള ആവശ്യത്തിന് തദ്ദേശീയമായി വർദ്ധിപ്പിക്കുക എന്ന സംസ്ഥാന സർക്കാരിന്റെ നിർദ്ദേശം പരിഗണിക്കുവാൻ കേന്ദ്ര വാണിജ്യ വകുപ്പ്, കേന്ദ്ര റോഡ് ട്രാൻസ്പോർട്ട് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സ്വാഭാവിക റബ്ബറിന് വിലസ്ഥിരത ഏർപ്പെടുത്തുവാൻ അനുയോജ്യമായ പദ്ധതി രൂപീകരിക്കുക എന്ന നിർദ്ദേശം റബ്ബർ ഉൾപ്പെടെയുള്ള എല്ലാ ഉൽപ്പന്നങ്ങൾക്കും ഏർപ്പെടുത്തുന്ന കാര്യം കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുണ്ട്.

റബ്ബർ തടിയെ കാർഷിക ഉല്പന്നമായി പരിഗണിച്ച് എക്സൈസ് ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കുക എന്ന സംസ്ഥാന സർക്കാരിന്റെ നിർദ്ദേശം കേന്ദ്ര ധനകാര്യ വകുപ്പിനോട് പരിഗണിക്കുവാൻ കേന്ദ്ര വാണിജ്യ വകുപ്പ്, നിർദ്ദേശിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ